# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.815 04.03.2020-ൽ മറുപടിക്ക്

## മൃഗശാലകളുടെ നവീകരണം

**ചോദ്യം**

ശ്രീ.കെ.വി.വിജയദാസ്

**മറുപടി**

ശ്രീ. കെ.രാജു
(ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗശാലകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൃഗശാലകളിൽ നടപ്പിലാക്കിയ നവീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ജലപക്ഷികൾക്കു മാത്രമായി തിരുവനന്തപുരം മൃഗശാലയിൽ വിശാലമായ പരിബന്ധനത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.<br>2) കാട്ടു പോത്തുകളെ പാർപ്പിക്കുന്നതിനായി വിശാലമായ പരിബന്ധനത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.<br>3) തിരുവനന്തപുരം മൃഗശാലയിലെ അക്വേറിയം നവീകരിച്ചു.<br>4) സ്ത്രീ സന്ദർശകർക്കായി സ്ത്രീ സൗഹാർദ്ദ പരവും, വിശ്രമമുറിയും ചേർന്ന ടോയിലറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ചു.<br>5) മൃഗശാല സ്റ്റോറിനും ആഫീസിനുമായി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.<br>6) വിദേശപക്ഷികളെ പാർപ്പിക്കുന്നതിനായി കൂട്ടുകളുടെ നവീകരണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.<br>7) സന്ദർശകർക്ക് വന്യമൃഗങ്ങളെ കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനായി വ്യാഖ്യാന കേന്ദ്രങ്ങളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>8) ചിത്രശലഭ പാർക്കിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>9) നീർനായകളെ പാർപ്പിക്കുന്നതിനായിട്ടുള്ള പരിബന്ധനത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു.<br>10) ജിറാഫ്, സീബ്ര, കടുവകൾ, കരങ്ങുകൾ, കൃഷ്ണമൃഗം, പന്നിമാൻ, സിംഹം, ഒട്ടകപ്പക്ഷികൾ എന്നിവയെ പാർപ്പിക്കുന്ന കൂട്ടുകളുടെ നവീകരണം, പ്രവേശന കവാട കോംപ്ലക്സിന്റെയും മതിലിന്റെയും നവീകരണ ജോലികൾ എന്നിവ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 11) മൃഗശാലയുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് എത്തിക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ.<br>12) കരപ്പക്ഷികൾക്കു മാത്രമായിട്ടുള്ള വിശാലമായ പരിബന്ധനം, ക്വാറന്റൈൻ സ്റ്റേഷന്റെ നിർമ്മാണം എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>13) തൃശ്ശൂർ മൃഗശാലയിൽ അക്വേറിയത്തിന്റെ നിർമ്മാണം, പന്നിമാൻ, ഒട്ടകപ്പക്ഷി, എമു, മയിൽ, സിംഹം, കടുവ, പുള്ളിപ്പുലി എന്നിവയെ പാർപ്പിക്കുന്ന കൂടുകളുടെ നവീകരണം എന്നീ ജോലികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ മൃഗശാലകളിലേയ്ക്ക് പുതിയതായി വന്യമൃഗങ്ങളെ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരിഗ്നാർ അണ്ണാ സുവോളജിക്കൽ പാർക്കിൽ നിന്നും 2 ജോഡി വെള്ള മയിലുകൾ, ഒരു ജോഡി ഒട്ടകപ്പക്ഷി, അഞ്ച് ജോഡി വർണ്ണക്കൊക്കുകൾ, രണ്ടു ജോഡി റെറ്റിക്കുലേറ്റഡ് പൈത്തൺ, നാഗാലാന്റ് മൃഗശാലയിൽ നിന്നും ഒരു ജോഡി ഹിമാലയൻ കരടികൾ, കാൺപൂർ മൃഗശാലയിൽ നിന്നും ഒരു ജോഡി കഴുതപ്പുലികൾ എന്നിവയെ തിരുവനന്തപുരം മൃഗശാലയിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.<br>പീലിക്കുള ബയോളജിക്കൽ പാർക്കിൽ നിന്നും 2:1 അനുപാതത്തിൽ രാജവെമ്പാലകൾ, 2:2 അനുപാതത്തിൽ ആൺ പെൺ ഇനത്തിൽപ്പെട്ട ബാർക്കിംഗ് ഡിയറുകൾ, 2:2 അനുപാതത്തിൽ ആൺ പെൺ ഇനത്തിൽപ്പെട്ട മണ്ണുലിപ്പാമ്പുകൾ, നെഹ്റു സുവോളജിക്കൽ പാർക്കിൽ നിന്നും 2:2 അനുപാതത്തിൽ ആൺ പെൺ ഇനത്തിൽപ്പെട്ട ഗ്രീൻ ഇഗ്വാനകൾ, 1:1 അനുപാതത്തിൽ സ്ലോത്ത് ബിയറുകൾ എന്നിവയെ കൊണ്ടുവരുന്നതിനു വേണ്ടി കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരം ലഭ്യമാക്കി, മൃഗങ്ങളെ കൊണ്ടുവരുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**